# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഒക്ടോബർ 30**

---

## പഴവർഗങ്ങളുടെ ഷെൽഫ് ലൈഫ് വർധിപ്പിക്കുന്ന സാങ്കേതിക വിദ്യയിൽ തുടർ പഠനത്തിന് ധാരണ

*പഴവർഗ്ഗങ്ങൾ കേടുകൂടാതെ ദീർഘനാൾ സൂക്ഷിക്കുന്നതിന് സഹായകമായ സാങ്കേതിക വിദ്യയിൽ തുടർപഠനത്തിന് യഥേഷ്ട് അഡ്വാൻസ്ഡ് ടെക്നോളജിസ് പ്രൈവറ്റ് ലിമിറ്റഡും മഹാത്മാ ഗാന്ധി സർവകലാശാലയും തമ്മിൽ ധാരണയായി. ഇതു സംബന്ധിച്ച ധാരണാപത്രത്തിൽ സർവകലാശാലാ രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണനും യഥേഷ്ട് കമ്പനി ഡയറക്ടർ സുമൻ ശ്രീധരനും ഒപ്പുവച്ചു.*

*യഥേഷ്ട് കമ്പനി വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യ കർഷകർക്ക് ഏറെ പ്രയോജനകരമാകുന്ന രീതിയിൽ വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനു മുന്നോടിയായാണ് സർവകലാശാലയിലെ ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്ററിന്റെ പിന്തുണയോടെ തുടർപഠനം നടത്തുന്നത്.*

*ധാരണാപത്രം ഒപ്പുവയ്ക്കുന്ന ചടങ്ങിൽ ബിസിനസ് ഇന്നൊവേഷൻ ആന്റ് ഇൻകുബേഷൻ സെന്റർ ഡയറക്ടർ ഡോ. ഇ.കെ. രാധാകൃഷ്ണൻ, യഥേഷ്ട് കമ്പനി ഡയറക്ടർ ഡോ. സിറിയക് ജോസഫ് പാലക്കൽ എന്നിവരും സന്നിഹിതരായിരുന്നു.*
*(പി.ആർ.ഒ/39/971/2024)*

## പരീക്ഷാ ഫലം

*മൂന്നും നാലും സെമസ്റ്റർ എംഎ സോഷ്യോളജി പ്രൈവറ്റ് രജിസ്ട്രേഷൻ (2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി മെയ് 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ 11 വരെ അപേക്ഷ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*

.........

*ഒന്നാം വർഷ ബാച്ചിലർ ഓഫ് ഫിസിയോതെറാപ്പി (2014 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2008 മുതൽ 2013 വരെ അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ 12 വരെ അപേക്ഷ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*
*(പി.ആർ.ഒ/39/972/2024)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*മൂന്നാം സെമസ്റ്റർ എംബിഎ (2023 അഡ്മിഷൻ റെഗുലർ, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി, 2019, 2020 അഡ്മിഷനുകൾ മെഴ്സി ചാൻസ് പരീക്ഷകൾക്ക് നവംബർ 12 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 14 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 16 വരെയും അപേക്ഷ സ്വീകരിക്കും.*

……………………..

*ഒന്നാം സെമസ്റ്റർ എംജിയു- യുജിപി (ഓണേഴ്സ്) പരീക്ഷകൾക്ക് നവംബർ നാലു വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ അഞ്ചു വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ ആറു വരെയും അപേക്ഷ സ്വീകരിക്കും.*

………………..

*മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി, എംഎ പ്രോഗ്രാമുകൾ (2023 അഡ്മിഷൻ റെഗുലർ, 2021, 2022 അഡ്മിഷനുകൾ ഇംപ്രൂവ്മെന്റ്, 2020 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾക്ക് നവംബർ അഞ്ചു വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ ഏഴു വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ എട്ടു വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/973/2024)*

## പരീക്ഷാ തീയതി

*വാർഷിക സ്കീം അദാലത്ത് സ്പെഷ്യൽ മെഴ്സി ചാൻസ് മോഡൽ-1 ബിഎ പാർട്ട്-3 മെയിൻ (തമിഴ് ആന്റ് മ്യൂസിക് 2008 അഡ്മിഷൻ) പരീക്ഷ നവംബർ 13 മുതൽ നടക്കും.*

*(പി.ആർ.ഒ/39/974/2024)*

## പ്രാക്ടിക്കൽ

*എട്ടാം സെമസ്റ്റർ എംഎസ്സി പ്രോഗ്രാം ഇൻ കമ്പ്യൂട്ടർ സയൻസ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ് (പുതിയ സ്കീം-2022 അഡ്മിഷൻ റെഗുലർ സെപ്തംബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ നവംബർ 14 മുതൽ തൃക്കാക്കര, ഭാരത മാതാ കോളേജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/975/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**